# പത്മശ്രീ എടവലത്ത് കക്കാട്ട് ജാനകി അമ്മാൾ

• നിർമ്മല ജെയിംസ്

ഫെബ്രുവരി 7-ന് ഇന്ത്യയിലെ ആദ്യ ശാസ്ത്രജ്ഞകളിലൊരാളായ മലയാളിയായ കക്കാട്ട് ജാനകി അമ്മാളിന്റെ 36-ാം ചരമദിനമാണ്



ഒരു ജന്മം മുഴുവൻ സസ്യശാസ്ത്ര ഗവേഷണങ്ങൾക്കുവേണ്ടി അർപ്പിച്ച കേരളീയ വനിത ആയിരുന്നു പത്മശ്രീ ഡോക്ടർ ഇ.കെ ജാനകി അമ്മാൾ. സസ്യശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടിയ ആദ്യ ഇന്ത്യക്കാരി. തലശ്ശേരിയിലെ ചേറ്റംകുന്നിലെ ഇടത്തിൽ വീട്ടിൽ ദിവാൻ ബഹാദൂർ ഇ.കെ കൃഷ്ണന്റെയും ശ്രീമതി ദേവി കുർവേയുടെയും മകളായി 1897 നവംബർ 4-നു ഡോക്ടർ ജാനകി അമ്മാൾ ജനിച്ചു.

ഇ.കെ കൃഷ്ണൻ കോഴിക്കോട്ടുകാർക്കും തലശ്ശേരിക്കാർക്കും പ്രിയങ്കരനായ സബ് ജഡ്ജ് ആയിരുന്നു ബ്രിട്ടീഷ് ഭരണകാലത്ത് വിക്ടോറിയ രാജ്ഞിയുടെ ഭരണത്തിന്റെ ജൂബിലി മലബാറിലും ആഘോഷിച്ചിരുന്നു. ആഘോഷ കമ്മിറ്റിയുടെ ചെയർമാൻ ഇ.കെ കൃഷ്ണൻ ആയിരുന്നു. ആഘോഷം കഴിഞ്ഞപ്പോൾ മിച്ചം വന്ന തുക കൊണ്ട് കമ്മിറ്റി വിക്ടോറിയ ജൂബിലി ഹാൾ നിർമ്മിച്ചു. ഇന്നത്തെ കോഴിക്കോട് ടൗൺഹാൾ.

അദ്ദേഹം വായനാപ്രിയനും പക്ഷി നിരീക്ഷകനും സഞ്ചാരപ്രിയനും സസ്യസ്നേഹിയും ആയിരുന്നു.

അച്ഛന്റെ സസ്യസ്നേഹവും സഞ്ചാരപ്രിയവും വായനാശീലവും എല്ലാം ജാനകി അമ്മാളെ സ്വാധീനിച്ചിരുന്നു. ജാനകി

▸▸ ഇന്ത്യയിലെ വേലിയേറ്റ തുറമുഖം– കാണ്ട്ല(ഗുജറാത്ത്)

അമ്മാളിന് ഏഴ് സഹോദരന്മാരും അഞ്ച് സഹോദരിമാരും ഉണ്ടായിരുന്നു. ജാനകിക്ക് പത്തു വയസ്സ് ആകുന്നതിനു മുമ്പുതന്നെ അച്ഛനും മൂത്ത സഹോദരനും മരണപ്പെട്ടു. ആ വേർപാട് കുടുംബത്തിൽ സാമ്പത്തികമായും പ്രശ്നങ്ങൾ ഉണ്ടാക്കി. ദാരിദ്ര്യവും അയിത്താചാരവും നിലനിന്നിരുന്ന കാലം പെൺകുട്ടികളെ സ്കൂളിൽ വിടാതെ 15 വയസ്സിനു മുമ്പ് വിവാഹം കഴിച്ചുവിടും. ഏതു പ്രതിസന്ധികളെയും തരണം ചെയ്ത് ഉയർന്നു പഠിക്കാൻ ജാനകി ആഗ്രഹിച്ചു.

വീടിനടുത്തുള്ള കോൺവന്റ് സ്കൂളിൽ ആയിരുന്നു ആദ്യകാല വിദ്യാഭ്യാസം. മദ്രാസിലെ ക്വീൻമേരീസിൽ അണ്ടർ ഗ്രാജുവേഷൻ. സസ്യശാസ്ത്രം ഐച്ഛിക വിഷയമാക്കി പ്രസിഡൻസി കോളേജിൽ നിന്നും ബി എ ഓണേഴ്സ് ബിരുദം നേടി. 1921 ജൂലൈയിൽ മദ്രാസ് വിമൻസ് ക്രിസ്ത്യൻകോളേജിൽ പ്രൊഫസർ ആയി. അക്കാലത്താണ് അമേരിക്കയിലെ മിഷിഗൺ സർവകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദം ചെയ്യാനുള്ള ബാർബോർ സ്കോളർഷിപ്പ് ലഭിക്കുന്നത്.

1924-ലെ അതിരൂക്ഷമായ വെള്ളപ്പൊക്കസമയത്താണ് ജാനകി അമ്മാൾ വിദേശത്തേക്ക് യാത്ര തിരിക്കുന്നത്. കോഴിക്കോട് തലശ്ശേരി റെയിൽപ്പാളം ഒഴുകിപ്പോയി. നദികളുടെ പാലങ്ങൾ ഒഴുകിപ്പോയി. വളരെ ദുരിതപൂർണമായ യാത്രയായിരുന്നു. 1926-ൽ സയൻസിൽ എം. എസ് എടുത്ത് ക്രിസ്ത്യൻ കോളേജിലേക്കു മടങ്ങിവന്ന് അധ്യാപിക ആയിരിക്കുമ്പോൾ ഗവേഷണത്തിനുള്ള ഓറിയന്റൽ ബാർബോർ ഫെലോ സ്കോളർഷിപ്പ് ലഭിച്ചു. 1931-ൽ മിഷിഗണിൽ നിന്നും ഡോകടർ ഓഫ് സയൻസ് ബിരുദം നേടി.

ജാനകി അമ്മാളിന്റെ ഗവേഷണ മേഖല കോശജനിതക പഠനം ആയിരുന്നു. സസ്യക്രോമസോമുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തി പുതിയ ഇനം ഭക്ഷ്യ വിളകളും അലങ്കാരച്ചെടികളും ഉണ്ടാക്കി.

1932-ൽ തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളേജിലും 1934-ൽ കരിമ്പു ഗവേഷണ സ്ഥാപനത്തിലും തുടർന്ന് ലണ്ടനിലെ ഹോർട്ടി കൾച്ചർ സ്ഥാപനങ്ങളിലും സേവനംചെയ്തു. കൂടുതൽ മധുരമുള്ള കരിമ്പിനങ്ങൾ ഉണ്ടാക്കാനായി അമ്മാൾ ചെയ്ത പരീക്ഷണങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റി. പരമ്പരാഗത രീതിയിലേതുപോലെ ഒരേ ഇനങ്ങൾ തമ്മിൽ സങ്കരണം നടത്തുന്നതിനു പകരം കരിമ്പും ധാന്യങ്ങളുമായും തൃണവർഗങ്ങളുമായും സങ്കരണം നടത്തി മികച്ച ഇനം കരിമ്പുണ്ടാക്കി. ലണ്ടനിലെ ഹോർട്ടികൾച്ചർ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ ആയിരിക്കുമ്പോഴാണ്1952-ൽ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ക്ഷണപ്രകാരം ഡോക്ടർ ഇ.കെ ജാനകി അമ്മാൾ ഇന്ത്യയിലേക്കു വന്ന് ബോട്ടാണിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വസ്ഥാനം ഏറ്റെടുത്ത് പ്രവർത്തനങ്ങൾ സജീവമാക്കിയത്.

1977-ൽ ഇന്ത്യ പത്മശ്രീ നൽകി ആദരിച്ചു. വിരമിച്ചശേഷം മദ്രാസ് സർവകലാശാലയുടെ മദുരവയലിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ഗൈഡായി മരണം വരെയും പ്രവർത്തിച്ചു.

1984 ഫെബ്രുവരി 7-ന് സസ്യങ്ങളെ സ്നേഹിച്ച ഈ ശാസ്ത്രജ്ഞ അന്തരിച്ചു. പത്മശ്രീ ഡോക്ടർ എടവലത്ത് കക്കാട്ട് ജാനകി അമ്മാൾ അന്തരിച്ചിട്ട് ഈ മാസം 36 വർഷം തികഞ്ഞു. എന്നാൽ ഇന്നും ഈ ശാസ്ത്രജ്ഞക്ക് ഉചിതമായ അംഗീകാരം ലഭിച്ചിട്ടില്ല.




## രക്ത ഗ്രൂപ്പ്

'ഒ' ഗ്രൂപ്പാണ് സാർവ്വിക ദാതാവ് എന്നറിയപ്പെടുന്ന രക്ത ഗ്രൂപ്പ്. സാർവ്വിക സ്വീകർത്താവ് എന്നറിയപ്പെടുന്നത് AB ഗ്രൂപ്പാണ്.

▸▸ ഇന്ത്യയുടെ കോഹിനൂർ എന്നറിയപ്പെടുന്ന ഭാഷ– ഉർദു